**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1370** | **10-10-2024 - ൽ മറുപടിയ്ക്ക്**

**സ്കോൾ കേരള മുഖേന ആരംഭിച്ച കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നതിനുശേഷം സ്കോൾ കേരള മുഖേന ആരംഭിച്ച കോഴ്സുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കോൾ കേരള മുഖേന ആരംഭിച്ച കോഴ്സുകൾ താഴെ പറയുന്നവയാണ്.<br><br>**1. ഡിപ്ലോമ ഇൻ യോഗിക് സയൻസ്ആന്റ് സ്പോർട്സ് യോഗ.**<br><br>**2. ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിംഗ് കെയർ കോഴ്സ്.**<br><br>**കൂടാതെ 07/12/2022-ലെ G.O(Rt) No. 7771/2022/GEDN പ്രകാരം ഗുരുഗോപിനാഥ് നടനഗ്രാമവും സ്കോൾ കേരളയുമായി ചേർന്ന ഭരതനാട്യം, മോഹിനിയാട്ടം എന്നീ വിഷയങ്ങളിൽ ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.** |
| (ബി) | സ്കോൾ കേരള മുഖേന പുതുതായി ഏതെല്ലാം കോഴ്സുകൾ ആരംഭിക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | **സ്കോൾ-കേരള മുഖേന ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് കോഴ്സ് ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**കൂടാതെ ലീലാജനി ആയുർ അക്കാദമി സ്കോൾ-കേരള മുഖാന്തിരം തുടങ്ങാൻ ഉദ്ദേശിക്കുന്ന 6 മാസം ദൈർഘ്യമുള്ള**<br><br>1. Diploma in Panchakarma and Detoxification Therapy<br>2. Diploma in Pregnancy and Postnatal Care.<br>3. Diploma in Lifestyle and Nutrition and Dietetics.<br>4. Diploma in Beauty and Skincare<br>5. Diploma in Wellness Centre Management. |

| | | | |
|---|---|---|---|
| | | | **എന്നീ കോഴ്സുകളുടെ കരട് പ്രൊപ്പോസൽ പരിഗണിച്ചു വരുന്നു.** |
| (സി) | ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (സി) | **സ്കോൾ-കേരള ഇതു സംബന്ധിച്ച** സാധ്യത പരിശോധിച്ചു വരുന്നു. |
| (ഡി) | സ്കോൾ കേരള മുഖേന കലാകായിക രംഗത്ത് കൂടുതൽ ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | **സ്കോൾ-കേരള ഇതു സംബന്ധിച്ച** സാധ്യത പരിശോധിച്ചു വരുന്നു. |
| (ഇ) | വിദ്യാർത്ഥികൾക്കുള്ള എല്ലാ സേവനങ്ങളും അതത് ജില്ലകൾ വഴി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഇ) | നിലവിൽ 14 ജില്ലാ കേന്ദ്രങ്ങൾ മുഖേന വിദ്യാർത്ഥികൾക്ക് ആവശ്യമായ എല്ലാ സേവനങ്ങളും നൽകിവരുന്നു. ഇതിനായി സംസ്ഥാന ഓഫീസുമായും ജില്ലാ കേന്ദ്രങ്ങൾ നേരിട്ടും ഓൺലൈൻ മുഖേനയും സേവനങ്ങൾ നൽകുന്ന തിനുള്ള ക്രമീകരണങ്ങൾ ഏർപ്പെട്ടു ത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ